പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 4560

04.02.2014 ൽ മറുപടിക്ക്

## എ. പി. എൽ. റേഷൻ വിതരണത്തിലെ കുറവ്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പുരുഷൻ കടലുണ്ടി : | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് റേഷൻ കടകൾ വഴി എ.പി.എൽ. വിഭാഗക്കാർക്ക് നൽകിവന്നിരുന്ന ഭക്ഷ്യവസ്തുക്കളിൽ വെട്ടിക്കുറവ് വരുത്തുകയുണ്ടായോ;<br>(ബി) ഏതെല്ലാം ഇനങ്ങളിൽ എത്ര അളവിലാണ് വെട്ടിക്കുറവ് വരുത്തിയത് എന്ന് വ്യക്തമാക്കാമോ; | (എ) (ബി) ഉണ്ട്. 2013 നവംബർ, ഡിസംബർ മാസങ്ങളിൽ എ.പി.എൽ. വിഭാഗക്കാർക്ക് റേഷൻകടകൾ വഴി നൽകിവന്നിരുന്ന ഗോതമ്പ് നിർത്തലാക്കിയിരുന്നു. |
| (സി) ഭക്ഷ്യവസ്തുക്കൾ വെട്ടിക്കുറയ്ക്കുന്നതിന് ഉണ്ടായ കാരണങ്ങൾ വിശദമാക്കാമോ; | (സി) സംസ്ഥാനത്തിനുള്ള ആകെ പ്രതിമാസ വിഹിതം 139748 മെ.ടണ്ണാണെങ്കിലും പ്രതിമാസ വിട്ടെടുപ്പ് വിഹിതം 122724 മെ.ടണ്ണിൽ കൂടുവാൻ പാടില്ലായെന്ന് കേന്ദ്ര സർക്കാർ നിബന്ധന ഏർപ്പെടുത്തിയത് കാരണം അനുവദിക്കപ്പെട്ട ഭക്ഷ്യധാന്യങ്ങൾ മുഴുവനും വിട്ടെടുക്കാൻ കഴിയാത്തതിനാലാണ് 2013 നവംബർ മാസം മുതൽ എ.പി.എൽ. കാർഡുടമകൾക്ക് ഗോതമ്പ് നൽകാൻ സാധിക്കാത്തത്. |
| (ഡി) എ.പി.എൽ. വിഭാഗങ്ങൾക്ക് ഗോതമ്പും പച്ചരിയും വിതരണം ചെയ്യുന്നുണ്ടോ; എങ്കിൽ 2013 ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിൽ വിതരണം ചെയ്തതിന്റെ കണക്ക് ലഭ്യമാക്കാമോ? | (ഡി) പച്ചരി വിതരണം നടത്തുന്നുണ്ട്. എന്നാൽ എ.പി. എൽ. കാർഡുടമകൾക്ക് 2013 നവംബർ, ഡിസംബർ മാസങ്ങളിൽ ഗോതമ്പ് നല്കാൻ കഴിഞ്ഞിട്ടില്ല. 2014 ഫെബ്രുവരി മാസം മുതൽ എ.പി.എൽ |

കാർഡുടമകൾക്ക് എം.എസ്.പി. നിരക്കിലുള്ള ഗോതമ്പ് വിതരണം നടത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്; വിശദാംശം ചുവടെ ചേർക്കുന്നു.

| | എ.പി.എൽ | |
|---|---|---|
| | ഗോതമ്പ് (മെ.ടൺ) | പച്ചരി (മെ.ടൺ) |
| ഒക്ടോബർ | 11781 | 17490.4 |
| നവംബർ | ഇല്ല | 16370.0 |
| ഡിസംബർ | ഇല്ല | 14720.0 |

സെക്ഷൻ ഓഫീസർ

൧